1998-99 2.55 കോടി 21.5 കോടി

1999-2000-ൽ കേന്ദ്ര വിഹിതമായ 1 കോടി രൂപയും സംസ്ഥാന വിഹിതമായ 19.0 കോടി രൂപയും ഈ പദ്ധതിക്കുവേണ്ടി ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

11 (585) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ലാഭകരമായി പ്രവർത്തിക്കുന്ന വ്യവസായങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി എത്ര വ്യവസായങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പുതിയ വനിതാ വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടെക്നോ പാർക്കിൽ പ്രവർത്തനം തുടങ്ങിയ എല്ലാ കമ്പനികളും (32 എണ്ണം) ലാഭകരമായി പ്രവർത്തിക്കുന്നു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം (1998-99) ലാഭത്തിൽ പ്രവർത്തിക്കുന്നവയെ സംബന്ധിക്കുന്ന വിവരം അനുബന്ധമായി നൽകിയിരിക്കുന്നു. ലാഭകരമായി പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങളെയും കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ളവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയെയും സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ടെക്നോപാർക്കിൽ 32 കമ്പനികളും കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ 160 വ്യവസായ പദ്ധതികളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയിട്ടുണ്ട്. 72.195 ചെറുകിട വ്യവസായങ്ങൾക്ക് ഈ കാലയളവിൽ സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ചെറുകിട വ്യവസായ യൂണിറ്റുകൾ 91 എണ്ണം; കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ളവ 34 എണ്ണം പൊതുമേഖല - 1

(ഡി) ഉണ്ട്. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി വനിതകൾക്കായി കൂട്ടുകുടുംബ സംരംഭം എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. ഒരു ഗ്രാമത്തിൽ ഓരോ മേഖലയിലും 5-ൽ കുറയാത്ത വനിതാ വ്യവസായ സംരംഭകർ നടത്തുന്ന ഗൃഹാടിസ്ഥാനത്തിലുള്ള ഗ്രൂപ്പിനെ മാതൃഘടകമായി കണക്കാക്കി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ യൂണിറ്റുകൾക്ക് സാധാരണ ലഭ്യമായ ആനുകൂല്യങ്ങൾക്ക് പുറമേ മറ്റു നിരവധി ആനുകൂല്യങ്ങൾ വ്യവസായ നയത്തിൻമേൽ പറഞ്ഞ സംരംഭത്തിന് പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly